"ഭരണഭാഷ - മാതൃഭാഷ"

5 JAN 2021
വയനാട്-673 122

ജില്ലാ ആഫീസ്,
മൈനിങ് ആന്റ് ജിയോളജി വകുപ്പ്,
വയനാട്,മീനങ്ങാടി,
Phone No: 04936 249124
e-mail.geo.way.dmg@kerala.gov.in

നമ്പർ: ഡിഒഡബ്ള്യു/ഇ-917/2019

തീയതി: 31.12. 2020.

ജിയോളജിസ്റ്റ്
വയനാട്.

ചെയർപേഴ്സൺ/ജില്ലാ കലക്ടർ,
ജില്ലാ ദുരനന്ത നിവാരണ അതോറിറ്റി, വയനാട്.

DM1

സർ,

വിഷയം:- കരിങ്കൽ ഖനനം - ക്വാറീയിംഗ് ലീസ് അനുവദിച്ച കരിങ്കൽ ക്വാറിയിൽ അപകട മരണം സംഭവിച്ചത് - സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1) അങ്ങയുടെ 21.12.2020 തീയതിയിലെ DM1-8909/2020 നമ്പർ കത്ത്.
2) മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 04.06.2020 തിയ്യതിയിലെ 81/2020-21/5765/M3/2019/DMG നമ്പർ ക്വാറീയിംഗ് ലീസ്.
3) ഈ ഓഫീസിൽ നിന്നും 14.12.2020 ന് നടത്തിയ സ്ഥല പരിശോധന.
4) ഈ ഓഫീസിൽ നിന്നും 14.12.2020 ന് ഡിഒഡബ്ള്യു/ഇ-917/2019 നമ്പറായി നൽകിയ സ്റ്റോപ്പ് മെമ്മോ.

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. വൈത്തിരി താലൂക്ക് മൂപ്പൈനാട് വില്ലേജിൽ 298/2pt, 298/3pt സർവ്വേ നമ്പറിൽപ്പെട്ട 1.7726 ഹെക്ടർ സ്ഥലത്ത് കരിങ്കല്ല് ഖനനം നടത്തുന്നതിന് സൂചന (2) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ നിന്നും ക്വാറീയിംഗ് ലീസ് അനുവദിച്ചിട്ടുള്ളതാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള 14.07.2020 തിയ്യതിയിലെ കൺസെന്റ് നമ്പർ PCB/WND/CVO/24/2020, 20.03.2018 തിയ്യതിയിലെ എക്സ്പ്ലോസീവ് ലൈസൻസ് നമ്പർ E/SE/KL/22/1640(E70709), 27.06.2020 തിയ്യതിയിലെ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നമ്പർ എ4-5265/2020, 17.01.2018 തിയ്യതിയിലെ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിൽ നിന്നുള്ള നമ്പർ 901/EC4/3462/SEIAA/2015 എന്നീ ലൈസൻസുകളും ഈ ഓഫിസിൽ നിന്നും 08.08.2017 തിയ്യതിയിൽ അംഗീകരിച്ച മൈനിംഗ് പ്ലാനും പ്രകാരം ഈ ക്വാറിയിൽ ഖനന പ്രവർത്തനങ്ങൾ നടത്തി വന്നിരുന്നതാണ്. വൈത്തിരി താലൂക്ക്, മൂപ്പൈനാട് വില്ലേജിൽ കടച്ചിക്കുന്ന് എന്ന സ്ഥലത്ത് $11^0$32'20.03" - $11^0$32'25.87" $76^0$12'04.29" - $76^0$12'10.56" അക്ഷാംശ -

വിവരാവകാശ നിയമം 2005 പ്രകാരം
അനുവദിക്കുന്ന ശരിപ്പകർപ്പ്

State Public Information Officer
& Junior Superintendent H Section
Collectorate,Wayanad

രേഖാംശത്തിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത കരിങ്കൽ ക്വാറിക്ക് MSL ൽ നിന്നും 857 മീറ്റർ കുറഞ്ഞ ഉയരവും 917 മീറ്റർ കൂടിയ ഉയരവും ഉള്ളതായി ഗൂഗിൾ എർത്തിൽ പരിശോധിച്ചതിൽ കാണുന്നു. 60 മീറ്റർ ആണ് ഈ ക്വാറിയുടെ Elevation Difference കാണുന്നത്. പ്രസ്തുത ക്വാറിക്ക് പരമാവധി $40^0$ ചെരിവുള്ളതായി കാണുന്നു. പ്രസ്തുത ക്വാറിയിംഗ് ലീസ് ഏരിയയുടെ അതിർത്തി കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി NCESS 2010 – ൽ തയ്യാറാക്കിയ ലാന്റ് സ്ലൈഡ് സസപ്റ്റബിലിറ്റി സോൺ ഉൾപ്പെടുത്തിയ വയനാട് ജില്ലയുടെ ഉരുൾപൊട്ടൽ സാധ്യത മേഖല ഭൂപടം ഗൂഗിൽ എർത്ത് പ്രോ ഉപയോഗിച്ച് പരിശോധന നടത്തിയതിൽ പ്രസ്തുത സ്ഥലത്ത് നിന്നും ഏറ്റവും അടുത്തായി കാണപ്പെട്ട ഹൈഹസാഡ് (റെഡ്) സോണിലേക്ക് 850 മീറ്റർ ദൂരമുള്ളതായും മീഡിയം ഹസാഡ് (ഓറഞ്ച്) സോണിലേക്ക് 1700 മീറ്റർ ദൂരമുള്ളതായും കാണാന്നു. അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരം ക്വാറിയുടെ മുകൾ ഭാഗത്ത് നിന്നും മേൽ മണ്ണ് നീക്കി ബെഞ്ച് രൂപീകരിച്ചാണ് ഖനന പ്രവർത്തനങ്ങൾ നടത്തേണ്ടത്. എന്നാൽ ക്വാറിയിൽ ചെരിഞ്ഞ താഴ്ഭാഗത്ത് നിന്നും ഖനന പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി മുകളിലെ പാളിയിൽ നിന്നുള്ള പാറ അടർന്നുവീണ് ആയതിന്റെ താഴ്ഭാഗത്ത് നിർത്തിയിരുന്ന ടിപ്പർ ലോറിയുടെ മുകളിലേക്ക് പതിക്കുകയും ലോറിയിൽ ഉണ്ടായിരുന്ന ഡ്രൈവർ മരണപ്പെടുകയും ഉണ്ടായി. ആയത് ഖനനപ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ടതായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ക്വാറി പ്രവർത്തനം നടത്തിയതുകൊണ്ടാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനെ തുടർന്ന് ഈ ക്വാറിയിലെ ഖനന പ്രവർത്തനങ്ങൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നിറുത്തിവെക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ലീസുടമക്ക് സൂചന (4) പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. കുടാതെ ക്വാറിയുടെ ചെരിഞ്ഞ മുകൾ ഭാഗത്ത് അടർന്നു വീഴാൻ സാധ്യതയുള്ള പാറകഷ്ണങ്ങൾ ഇനിയും ഉള്ളതായി കാണുന്നുണ്ട്. മേൽ മണ്ണിന്റെ കനം ഈ ഭാഗത്ത് കുറവായതിനാൽ ആയത് അടർന്ന് വീണ് അപകടം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി അത്തരത്തിലുള്ള പാറക്കഷ്ണങ്ങൾ നീക്കം ചെയ്യേണ്ടതുണ്ട്. ഖനന പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്ന പക്ഷം സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തി ഈ പാറക്കഷ്ണങ്ങൾ നീക്കം ചെയ്തതിനു ശേഷം മാത്രമേ തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളു. പരിശോധനാറിപ്പോർട്ട് അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്) 31/12/20

ജിയോളജിസ്റ്റ്.

GEOLOGIST
DISTRICT OFFICE
DEPT. OF MINING & GEOLOGY
MEENANGADI, WAYANAD - 673 591

DEPARTMENT OF MINING & GEOLOGY
PIN: 673 591
DISTRICT OFFICE, WAYANAD

വിവരാവകാശ നിയമം 2005 പ്രകാരം
അനുവദിക്കുന്ന പകർപ്പ്

State Public Information Officer
& Junior Superintendent H Section
Collectorate, Wayanad

താലൂക്ക് ഓഫീസ്, വൈത്തിരി
Email-vtahsildar@gmail.com
Ph-04936255229
തീയ്യതി. 06/01/2021

തഹസിൽദാർ
വൈത്തിരി

സബ് കളക്ടർ,
മാനന്തവാടി.

സർ,

വിഷയം :- മൂപ്പൈനാട് കടച്ചിക്കുന്നിലെ ക്വാറി അപകടം നടന്നത് - സ്ഥലപരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) അങ്ങയുടെ നേരിട്ടുള്ള നിർദ്ദേശം.
2) ജില്ലാ കളക്ടറുടെ 14/12/2020 തീയ്യതിയിലെ DM1-8909/2020 നമ്പർ സ്റ്റോപ്പ്മെമ്മോ.

****************

മേൽ സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു . മൂപ്പൈനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 31 ൽ റീ.സ.നം 298/(Online 298/2) ൽ 1.5368 ഹെക്ടർ സ്ഥലവും, 298/3 (Online 298/4) ൽ 0.2429 ഹെക്ടർ സ്ഥലവും യഥാക്രമം 3552/14, 1123/19 (S.R.O കൽപ്പറ്റ) എന്നീ ആധാരങ്ങൾ പ്രകാരം ശ്രീ. എം.സി ചെറിയാൻ എന്നവർ കൈവശത്തിലുണ്ട്. ടി സ്ഥലത്ത് പ്രവർത്തിച്ചു വന്നിരുന്ന ക്വാറിയിൽ 11/12/2020 ന് ഉണ്ടായ അപകടത്തിനെ തുടർന്ന് ക്വാറി പ്രവർത്തനം നിർത്തി വയ്ക്കുന്നതിന് ജില്ലാ കളക്ടറിൽ നിന്നും സൂചന (2) പ്രകാരം സ്റ്റോപ്പ് മെമ്മോ ലഭ്യമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് വില്ലേജ് ഓഫീസർ മുഖേന മേൽപ്പറഞ്ഞ സ്റ്റോപ്പ്മെമ്മോ നൽകിയിരുന്നതും ടി ക്വാറി പ്രവർത്തനം താൽകാലികമായി നിർത്തിവെപ്പിച്ചിട്ടുള്ളതുമാണ്. അങ്ങയുടെ നേരിട്ടുള്ള നിർദ്ദേശ പ്രകാരം ക്വാറി അപകടം നടന്ന സ്ഥലം പരിശോധിച്ചതിൽ ടി അപകടം ഉണ്ടായിട്ടുള്ളത് ആകസ്മികമായിട്ടായിരുന്നു എന്ന് കാണുന്നു. ടി സ്ഥലത്ത് മണ്ണ് തട്ടുകളായി തിരിക്കുന്ന പ്രവർത്തികളാണ് നടന്നുവന്നിരുന്നതെന്ന് അന്വേഷണത്തിൽ അറിയുന്നു. ടി പ്രവർത്തികളുമായി ബന്ധപ്പെട്ട് മണ്ണ് ടിപ്പറിലേക്ക് മാറ്റുന്ന സന്ദർഭത്തിലാണ് അപകടം ഉണ്ടായിട്ടുള്ളത്. നിലവിൽ ടി പ്രദേശത്ത് നീക്കം ചെയ്യുവാൻ ഉദ്ദേശിച്ച മണ്ണ് ഇളകി കിടക്കുകയായിരുന്നു, പ്രസ്തുത മണ്ണ് നീക്കം ചെയ്ത് ക്വാറി പ്രവർത്തനം പുനരാരംഭിയ്ക്കുന്നതിൽ മറ്റ് പ്രശ്നങ്ങൾ ഇല്ലായെന്ന് കാണുന്നു. നിലവിൽ ടി ക്വാറി പ്രവർത്തനം നടത്തിവന്നിരുന്നത് SEIAA യുടെ 17/01/2018 തീയ്യതിയിലെ 901/EC4/3462/SEIAA/2015 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും , മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/06/2020 തീയ്യതിയിലെ എ 4-5265/2020 നമ്പർ ലൈസൻസിന്റെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാകുന്നു . മേൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
തഹസിൽദാർ

പകർപ്പ് : ജില്ലാ കളക്ടർ വയനാട് (ആമുഖ കത്ത് സഹിതം)

This document is electronically approved in e-office by **AFSAL B, TAH(LR) TLKVYT, O/O TAHSILDAR (LR) TLKVYT**, on 06/01/2021 .Hence it does not require signature in ink.

വിവരാവകാശ നിയമം 2005 പ്രകാരം
അനുവദിക്കുന്ന ശരിപ്പകർപ്പ്

State Public Information Officer
& Junior Superintendent H Section
Collectorate, Wayanad

"ഭരണഭാഷ മാതൃഭാഷ"

# മുപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

**(ISO – 9001-2015 CERTIFIED)**

പി.ഒ വടുവൻചാൽ, പിൻ-673581, വയനാട് PH: 04936217499
E-Mail :- muppainadugp@gmail.com

നമ്പർ:എ4-2814/2020 (4) തിയ്യതി: 29.12.2020

പ്രേക്ഷിതൻ

സെക്രട്ടറി
മുപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ)

സ്വീകർത്താവ്

ബഹു ചെയർപേഴ്സൺ ജില്ലാ ദുരന്തനിവാരണ അതോറിറ്റി
& ,ജില്ലാ കളക്ടർ
വയനാട്, കൽപ്പറ്റ

സർ,

വിഷയം: മുപ്പൈനാട് ഗ്രാമപഞ്ചായത്ത് – കടച്ചിക്കുന്ന് കരിങ്കൽ ക്വാറിയുടെ സുരക്ഷ – റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: അങ്ങയുടെ 21.12.2020 തിയ്യതിയിലെ DM1-8909/2020 നമ്പർ കത്ത്

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മൂപ്പൈനാട് വില്ലേജിലെ ബ്ലോക്ക് നം.31, റീ.സർവ്വേ നമ്പർ 298/2pt, 298/3pt ൽ ഉൾപ്പെട്ട 1.7726 ഹെക്ടർ സ്ഥലത്ത് ശ്രീ.എം.പി.കുര്യാക്കോസ്, മുട്ടത്ത് ഹൗസ്, ചെറ്റപ്പാലം പി.ഒ, പുൽപ്പള്ളി എന്നവർ നടത്തിവന്നിരുന്ന ക്വാറിയിൽ 11.12.2020 ന് ഉണ്ടായിട്ടുള്ള അപകടത്തെ തുടർന്ന് ഒരാൾക്ക് ജീവഹാനി സംഭവിച്ചതിനെ തുടർന്ന് സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

മേൽ പരാമർശിച്ച ക്വാറി പ്രവർത്തിച്ചിരുന്ന സ്ഥലം 15.12.2020 നും 29.12.2020 നും നേരിട്ട് പരിശോധിച്ചതിൽ കരിങ്കൽ ക്വാറി പ്രവർത്തനം നിർത്തിവെച്ചതായി കാണപ്പെട്ടു. എന്നാൽ കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചില വാഹനങ്ങൾ പ്രസ്തുത സ്ഥലത്ത് നിർത്തിയിട്ടിട്ടുണ്ട്. ജോലിക്കാരാരും പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്നില്ല. ചെങ്കുത്തായി നിൽക്കുന്നതും മണ്ണിടിച്ചിൽ സാധ്യതയുള്ളതുമായ മേഖലയിൽ നിന്നും മതിയായ സുരക്ഷ സംവിധാനങ്ങളില്ലാതെ മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തി നടന്നുകൊണ്ടിരിയ്ക്കെയാണ് നിർത്തിയിട്ടിരുന്ന ടിപ്പർ ലോറിക്ക് മുകളിലേക്ക് പാറ അടർന്ന് വീണ് അപകടം സംഭവിച്ചത് എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ടി കരിങ്കൽ ക്വോറിക്ക് നൂറ് മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തോട്ടം മേഖലക്കുള്ളിൽ സ്ഥിതിചെയ്യുന്ന ക്വാറിയുടെ തുടർച്ചയായി നസ്രാണിക്കാട് വനമേഖലയുള്ളതായും ശ്രദ്ധയിൽപ്പെട്ടുണ്ട്. കാടാശ്ശേരി, കടച്ചിക്കുന്ന് എന്നീ ജനവാസ പ്രദേശങ്ങളിലേക്കുള്ള റോഡ് ക്വാറിയുടെ പ്രവർത്തനം മൂലം പൊളിഞ്ഞ് തീർത്തും ഗതാഗത യോഗ്യമല്ലാതാവുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

SECRETARY
Muppainad Grama Panchayat

(Seal: മുപ്പൈനാട് ഗ്രാമപഞ്ചായത്ത് വടുവൻചാൽ)

വിവരാവകാശ നിയമം 2005 പ്രകാരം
അനുവദിക്കുന്ന പകർപ്പ്

State Public Information Officer
& Junior Superintendent H Section
Collectorate, Wayanad

192421/2020/DM DCWYD

DM1-8909/2020

ജില്ലാ അടിയന്തിര കാര്യ നിർവഹണ കേന്ദ്രം
ജില്ലാ കളക്ടറുടെ കാര്യാലയം, വയനാട്
കൽപ്പറ്റ, 673122
04936-204151
തീയ്യതി. 14/12/2020

സ്റ്റോപ്പ് മെമ്മോ

വിഷയം. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി- മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിലെ ക്വാറി- അപകടം നടന്നത്- ക്വാറിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നത്- സംബന്ധിച്ച്

മൂപ്പൈനാട് ഗ്രമപഞ്ചായത്തിലെ, കടച്ചിക്കുന്നിൽ പ്രവർത്തിച്ച് വരുന്ന കരിങ്കൽ ക്വാറിയിൽ 11/12/2020 ന് അപകടം ഉണ്ടാവുകയും, ഒരാൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

2) വയനാട് ജില്ലയിലെ കറിച്ച്യാർമല, മുട്ടിൽ മല,പുത്തുമല, പുഞ്ചിരിമട്ടം, എന്നിവിടങ്ങളിൽ കഴിഞ്ഞ വർഷങ്ങളിൽ ഉരുൾ പൊട്ടിയത്പോലെതന്നെ , ഉരുൾ പൊട്ടലിന് സാധ്യതയുള്ളതും, അത്യധികം പരിസ്ഥിതി ലോലവുമായ പ്രദേശത്താണ് ഈ ക്വാറി നടന്നുവരുന്നത്.

3) 11/12/2020 ന് മുകളിൽ നിന്ന് കരിങ്കൽ പാളി ഒഴുകി വരികയും, ഒരാൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 90 ഡിഗ്രിയെങ്കിലും ചെരിവുള്ള സ്ഥലത്താണ് ക്വാറി പ്രവർത്തിപ്പിച്ച് വരുന്നത് എന്ന് പ്രാഥമിക അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

4) ഇത്രയും പരിസ്ഥിതിലോലപ്രദേശത്ത് ക്വാറി നടത്തി ജനങ്ങളുടെ ജീവന് ഹാനി സംഭവിച്ചതിനാൽ വിശദമായ അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്. ഈ സാഹചര്യത്തിൽ അന്വേഷണം പൂർത്തിയാവുന്നത് വരെ ക്വാറിയുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടത് ഉചിതമാണ്.

5) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ദസംഘം ഈ വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം എതിർകക്ഷിയെ കേട്ട് തീർപ്പാക്കും വരെ ക്വാറിയുടെ പ്രവർത്തനം ദുരന്തം മുന്നിൽകണ്ട് താല്ക്കാലികമായി 15/12/2020 മുതൽ നിർത്തിവയ്ക്കേണ്ടതാണ്.

ക്വാറിയുടെ പ്രവർത്തനം നിർത്തിയെന്ന് മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജിയോളജിസ്റ്റ്, തഹസിൽദാർ വൈത്തിരി എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

14/12/20

ജില്ലാ കളക്ടർ & ചെയർപേഴ്സൺ , ഡി ഡി എം എ വയനാട്

State Public Information Officer
& Junior Superintendent H Section
Collectorate, Wayanad

വിവരാവകാശ നിയമം 2005 പ്രകാരം
അനുവദിക്കുന്ന

**"ഭരണഭാഷ- മാതൃഭാഷ"**

നമ്പർ.ഡി.ഡബ്ള്യു.(3)62/2021

ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ
കാര്യാലയം, വയനാട്, തിയതി : 11.01.2021.
ഫോൺ:04936-203756
ഇമെയിൽ:*dscowayanad@gmail.com*

OFFICE OF THE DISTRICT SOIL CONSERVATION OFFICER * WAYANAD Date:.........

കളക്ടറേറ്റ് 20 JAN 2021 ...673 122.

പ്രേഷകൻ,

1. ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ,
   വയനാട്, കൽപ്പറ്റ.
2. ഹസാർഡ് അനലിസ്റ്റ്.

സ്വീകർത്താവ്,
ജില്ലാ കളക്ടർ
വയനാട്.

സർ,

വിഷയം: വൈത്തിരി താലൂക്കിൽ മൂപ്പൈനാട് വില്ലേജിൽ 298/2part, 298/3part സർവ്വേ നമ്പറിൽപ്പെട്ട 1.7726 ഹെക്ടർ സ്ഥലത്ത് ഖനനം നടത്തുന്ന ലൈസൻസി ശ്രീ. എൻ.പി കുര്യാക്കോസ് മുട്ടത്ത് ഹൗസ് ചെറ്റപ്പാലം പി.ഒ പുൽപ്പള്ളി എന്നവരുടെ കരിങ്കൽ ക്വാറിയിൽ 11/12/20നുണ്ടായ അപകടത്തെത്തുടർന്നുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

DDMA

സൂചന: അങ്ങയുടെ നേരിട്ടുള്ള നിർദ്ദേശം

DM

വൈത്തിരി താലൂക്കിൽ മൂപ്പൈനാട് വില്ലേജിൽ കടച്ചിക്കുന്നിൽ 298/2pt, 298/3pt ൽ ഉൾപ്പെടുന്ന 1.7726 ഹെക്ടർ സ്ഥലത്ത് കരിങ്കൽ ഖനനം നടന്നിരുന്ന കരിങ്കൽ ക്വാറി അങ്ങയുടെ നിർദ്ദേശപ്രകാരം സന്ദർശിക്കുകയും പരിശോധിക്കുകയുമുണ്ടായി. 11° 32', 23.05" വടക്ക്അക്ഷാംശത്തിലും 76° 12' 6.57" കിഴക്ക് രേഖാംശത്തിലും സ്ഥിതിചെയ്യുന്ന പ്രസ്തുത കരിങ്കൽ ക്വാറിക്ക് എം.എസ്.എൽ 857 മീറ്ററിൽ നിന്നും 917 മീറ്ററിലേക്ക് 40-45° ചെരിവാണുള്ളത്. ഹസാഡ് സൊനേഷൻ മാപ്പ് പ്രകാരം തൊട്ടടുത്ത റെഡ് സോണിൽ നിന്നും 1020 മീറ്റർ ദൂരത്തിലും തൊട്ടടുത്ത ഓറഞ്ച് സോണിൽനിന്നും 1700 മീറ്റർ ദൂരത്തലാണ് ടി സ്ഥലം സ്ഥിതി ചെയ്യുന്നത്.

കുന്നിന്റെ മുകൾത്തട്ടിൽ നിന്നും 5 മീറ്റർ കുത്തനെ മണ്ണിടിച്ച് 20 മീറ്റർ വീതിയിൽ മണ്ണ് നീക്കം ചെയ്ത് ബഞ്ച് (Terrace) തയ്യാറാക്കിയതിന്റെ താഴെ 162 മീറ്റർ നീളത്തിൽ 20 മീറ്റർ താഴ്ചയിൽ ഉദ്ദേശം 80° ചെരിഞ്ഞ് പുറത്തേക്ക് തള്ളിയിരിക്കുന്ന പാറയുടെ പുറം പാളികളിലാണ് ഖനന പ്രക്രീയ ആരംഭിച്ചിരിക്കുന്നത്. 162 മീറ്റർ നീളത്തിൽ പാറക്കെട്ടിന്റെ 20 മീറ്റർ താഴ്ചയിലുള്ള പാറക്കെട്ടിന്റെ ഇടത്തെ അറ്റത്ത് നിന്നും 20 മീറ്റർ മണ്ണ് ഇതുവരെ നീക്കം ചെയ്തിട്ടില്ല. 20 മീറ്റർ മുതൽ 52 മീറ്റർ വരെയുള്ള

വിവരാവകാശ നിയമം 2005 പ്രകാരം
അനുവദിക്കുന്ന ശരിപകർപ്പ്



32 മീറ്റർ ഭാഗം 80° ചെരിവിൽ നിന്ന് 70° ചെരിവിലേക്ക് 20 മീറ്റർ ഉയരത്തിൽ പാറയുടെ പുറം പാളി ഖനനം ചെയ്തിട്ടുണ്ട്. 52 മീറ്റർ മുതൽ 91 മീറ്റർ വരെയുള്ള 39 മീറ്റർ ഭാഗം പുറം മണ്ണ് നീക്കം ചെയ്തതല്ലാതെ ഖനനം ആരംഭിച്ചിട്ടില്ല. ഉദ്ദേശം 80° യിൽ ചെരിവുള്ള ഈ പാറയുടെ പുറം പാളികൾ മുഴുവനും അടുക്കു പാറകളാണ്.

അപകടം നടന്ന ദിവസം ഖനനം ആരംഭിച്ചട്ടില്ലാത്ത 52 മീറ്റർ മുതൽ 91 മീറ്റർ വരെയുള്ള 39 മീറ്റർ ഭാഗത്തിന്റെ അടിവശത്ത് പാറയോട് ചേർന്നാണ് വാഹനം നിർത്തിയിട്ട് പാറയും മണ്ണും കയറ്റിയിരുന്നത്. അടുക്ക് പാറകളുള്ള ഈ ഭാഗതിതിന്റെ മുകൾ തട്ടിൽ നിന്നും നേരത്തെയുണ്ടായ ഖനനത്തിന്റെ പ്രകമ്പനത്തിൽ സ്ഥാനചലനം സംഭവിച്ചിരുന്ന അടുക്കുപാറ സാവകാശം നിരങ്ങിയിറങ്ങി സംതുലനം തെറ്റിയ അവസരത്തിൽ മറിഞ്ഞ് വാഹനത്തിന്റെ മുകൾത്തട്ടിലേക്ക് വീണ് പതിച്ചതാണ് അപകടത്തിന് കാരണമായത്. അപകടം നടക്കുന്ന സമയത്ത് ഖനനം നടന്നിരുന്നില്ലെങ്കിലും മുൻപ് നടന്ന ഖനനത്തിന്റെ പ്രകമ്പനം മൂലം അടുക്കു പാറകൾ സ്ഥാനം തെറ്റി ഇളകി മാറിയത്, ക്വാറി നടത്തിപ്പുകാർ ശ്രദ്ധക്കാതിരുന്നതാണ് അപകടത്തിന് കാരണമായത്.

91 മീറ്റർ മുതൽ 132 മീറ്റർ വരെയുള്ള 41 മീറ്റർ ഭാഗവും ഖനന പ്രക്രീയ ആരംഭിച്ചിട്ടുണ്ട്. 132 മീറ്റർ മുതൽ 162 മീറ്റർവരെയുള്ള 30 മീറ്റർ ഭാഗം മണ്ണ് നീക്കം ചെയ്ത് ഖനനത്തിന് തയ്യാറാക്കിയിരിക്കുകയാണ്. ബഞ്ച് തയ്യാറാക്കുന്നതിനായി ഇളക്കി മാറ്റിയ മണ്ണ് 162 മീറ്റർ നീളത്തിലുള്ള പാറക്കെട്ടിന്റെ അടിവശത്ത് അതിർത്തിവരെ നിരത്തി സ്ഥലം ഗതാഗതയോഗ്യമാക്കിയിരിക്കുകയാണ്.

ഖനനം ചെയ്യുമ്പോഴും, ഖനനം ചെയ്തവ വാഹനങ്ങളിലേക്ക് കയറ്റുമ്പോഴും പാറക്കെട്ടിന്റെയും പരിസരപ്രദേശത്തിന്റെയും സ്വഭാവം വളരെ സൂക്ഷ്മമായി നിരന്തരം നിരീക്ഷിച്ച് വിലയിരുത്തി ആവശ്യമായ മുൻകരുതലുകൾ എടുക്കാതിരുന്നതിന്റെയും മൈനിംഗ്&ജിയോളജി വകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടാതിരുന്നതിന്റെയും സാഹചര്യങ്ങളാണ് ഇത്തരത്തിലൊരു അപകടത്തിന് ഇടയാക്കിയത്. ഖനനപ്രവർത്തനം പുനരാരംഭിക്കുന്ന പക്ഷം സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തി, ക്വാറിയുടെ ചരിഞ്ഞ മുകൾഭാഗത്ത് തെന്നിനിരങ്ങി വീഴാൻ സാധ്യതയുള്ള അടുക്കുപാറകൾ സുരക്ഷിതമായി പൊട്ടിച്ചു നീക്കം ചെയ്തതിനുശേഷം മാത്രമേ തുടർപ്രവർത്തനങ്ങൾ ആരംഭിക്കാൻ അനുവദിക്കാവു.

മേൽ പറഞ്ഞ വസ്തുതകൾ അങ്ങയുടെ അറിവിലേക്കും തുടർനടപടിക്കൾക്കുമായി സമർപ്പിക്കുന്നു.

State Public Information Officer
& Junior Superintendent H Section
Collectorate, Wayanad

ഹസാർഡ് അനലിസ്റ്റ്

വിശ്വസ്തതയോടെ

ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ
വയനാട്.

വിവരാവകാശ നിയമം 2005 പ്രകാരം
അനുവദിക്കുന്ന ശരിപകർപ്പ്

തോമസ് അമ്പലവയൽ

സെക്രട്ടറി

**വയനാട് പ്രകൃതി സംരക്ഷണ സമിതി**

മീനങ്ങാടി പി.ഒ, പുറക്കാടി - 673591, മൊബൈൽ: 9744659671, 9447640631

തീയതി: 10-01-2022

To

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് ഓഫീസ്

സിവിൽ സ്റ്റേഷൻ - കൽപ്പറ്റ.

2005ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സാർ,

മുപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എം.പി. കുര്യാക്കോസ് എന്നയാളുടെ കരിങ്കൽ ക്വാറിക്കെതിരെയുള്ള എന്റെ പരാതിയിൽ 2.12.2021 ന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് വിളിച്ച ഹിയറിംഗുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും, രേഖകളും, എടുത്ത നടപടികളുമായുള്ള വിശദാംശങ്ങൾ എന്നിവ അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആവശ്യമായ ഫീസ് അടക്കാൻ ഞാൻ ഒരുക്കമാണ്.

എന്ന്

വിശ്വസ്തതയോടെ

തോമസ് അമ്പലവയൽ

(തോമസ്.വി.)

5 रु. कोर्ट फीस Rs.5 COURT FEE भारत INDIA पाँच रुपये FIVE RUPEES

5 रु. कोर्ट फीस Rs.5 COURT FEE भारत INDIA पाँच रुपये FIVE RUPEES

തോമസ് അമ്പലവയൽ

സെക്രട്ടറി **വയനാട് പ്രകൃതി സംരക്ഷണ സമിതി**

മീനങ്ങാടി പി.ഒ, പുറക്കാടി - 673591, മൊബൈൽ: 9744659671, 9447640631

തീയതി: 10.01.2022

To

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

വയനാട് ജില്ല

സിവിൽ സ്റ്റേഷൻ - കൽപ്പറ്റ.

സാർ.

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ മടമ്പിക്കുന്നിൽ എം. വി. കുര്യേക്കോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറി എല്ലാ നിയമങ്ങളും ലംഘിച്ചു കൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന എന്റെ പരാതിയിൽ 2.12.2021ന് അങ്ങയുടെ ഓഫീസിൽ വിളിച്ച ഹിയറിംഗിൽ ക്വാറി പ്രവർത്തിക്കുന്ന ഭൂമിയുടെ സ്വഭാവം പരിശോധിക്കുന്നതിന് അതിന്റെ ആധാരം, അടിയാധാരം എന്നിവ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിനു വേണ്ടി ഹാജരായ അസി: സെക്രട്ടറിയോട് ആവശ്യപ്പെട്ടപ്പോൾ അത് പഞ്ചായത്തിന ക്വാറി ലൈസൻസി സമർപ്പിച്ചിട്ടില്ലെന്നും, ഭൂഉടമയുമായുള്ള സമ്മതപത്രമാണുള്ളതെന്നും അറിയിച്ചതാണല്ലോ.

ഈ ക്വാറി നിയമവിരുദ്ധമായി തോട്ടഭൂമിയിലാണ് പ്രവർത്തിക്കുന്നതെന്ന പരാതി ഗൗരവമുള്ളതാണെന്നും, അതിനാൽ അടുത്ത പ്രവർത്തി ദിവസം തന്നെ ഭൂമിയുടെ രേഖകൾ ക്വാറി ലൈസൻസിയിൽനിന്നും അടിയന്തിരമായി വാങ്ങി പരിശോധിക്കണമെന്നും, ഭൂരേഖകൾ പരാതിക്കാരനായ എനിക്ക് ലഭ്യമാക്കണമെന്നും. അങ്ങ് നിർദ്ദേശിക്കുകയും ചെയ്തതാണ്.

അതിൻ പ്രകാരം 6.12.2021ന് വിവരാവകാശനിയമ പ്രകാരം ഭൂമിയുടെ ആധാരം, അടിയാധാരം തുടങ്ങിയവയുടെ കോപ്പികൾക്ക് അപേക്ഷ സമർപ്പിച്ചതിന് 1.01.2022ന് കിട്ടിയ മറുപടിയിൽ രേഖകൾ ഹാജരാക്കാൻ ലൈസൻസിയോട് ആവശ്യപ്പെട്ടിട്ടു-

ഉണ്ടെന്നും, ലഭ്യമാകുന്നമുറയ്ക്ക് നൽകുന്നതാണെന്നുമുള്ള നിരുത്തരവാദപരവും, വിചിത്രവുമായ മറുപടിയാണ് ലഭിച്ചത്.

ക്വാറി പ്രവർത്തിക്കുന്നതു് നിയമം അനുവദിക്കുന്ന ദൂരപരിധിയിൽ തന്നെയാണോ എന്ന് പോലും ഉറപ്പാക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ നടപടിയുണ്ടാവണമെന്നും, അതുറപ്പാക്കുന്നതുവരെ എത്രയും പെട്ടെന്ന് ക്വാറി പ്രവർത്തനം തടയണമെന്നും അഭ്യർത്ഥിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

Thomas

തോമസ് അമ്പലവയൽ.

ഉള്ളടക്കം -

(1) 6.12.2021ന് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയുടെ കോപ്പിയും, 1.01.202ന് ലഭിച്ച മറുപടിയുടെ കോപ്പിയും.

(2) 18.9.2020ന് മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ലഭിച്ച മറുപടി രേഖകളിലൊന്നിന്റെ ഒരു പേജ് പകർപ്പ്,

തോമസ് അമ്പലവയൽ

സെക്രട്ടറി

# വയനാട് പ്രകൃതി സംരക്ഷണ സമിതി

മീനങ്ങാടി പി.ഒ, പുറക്കാടി - 673591, മൊബൈൽ: 9744659671, 9447640631

തീയതി: 10.01.2022

To

അപ്പലേറ്റ് അതോറിറ്റി
ശ്രീ: ജോമോൻ ജോർജ്.
പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ.
മുട്ടിൽ ഗ്രാമപഞ്ചായത്ത് ബിൽഡിംഗ്.
മുട്ടിൽ. പി.ഒ. വയനാട്.

വിഷയം- 6.12.2021ന് മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ലഭ്യമായ മറുപടിയുമായി ബന്ധപ്പെട്ട്.

സാർ,

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ എം.പി. കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കരിങ്കൽ ക്വാറി എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന എന്റെ പരാതിയിൽ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് 2.12.2021ന് അദ്ദേഹത്തിന്റെ ചേമ്പറിൽ വിളിച്ച ഹിയറിംഗിൽ മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് അസ്സി: സെക്രട്ടറിയാണ് ഹാജരായത്.

കടച്ചിക്കുന്ന് ക്വാറി ഏതു ഭൂമിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നോ ആ ഭൂമിയുടെ ആധാരം, അടിയാധാരം തുടങ്ങിയ രേഖകൾ കാണണമെന്നോ ഹിയറിംഗിൽ ആവശ്യപ്പെട്ടപ്പോൾ, ആ രേഖകളൊന്നും ക്വാറി ലൈസൻസി സമർപ്പിച്ചിട്ടില്ലെന്ന് ഡി.ഡിയുടെ മുമ്പിൽ സമ്മതത്തിൽ പ്രകാരം അടുത്ത പ്രവർത്തി ദിവസം തന്നെ ക്വാറി ലൈസൻസിയിൽ നിന്നും ഭൂമിയുടെ രേഖകൾ വാങ്ങി പരിശോധിക്കണമെന്നും, അതിന്റെ കോപ്പി പരാതിക്കാരനായ എനിക്ക് എത്രയും പെട്ടെന്ന് നൽകണമെന്നും ഡി.ഡി നിർദ്ദേശിക്കുകയും ചെയ്തതാണ്.

അതിൻ പ്രകാരം 6.12.2021ന് മൂപ്പൈനാട് ഗ്രാമപഞ്ചായ

ത്തിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ കൊടുത്തെങ്കിലും ലൈസൻസിയിൽ നിന്നും അതു കിട്ടുന്ന മുറയ്ക്ക് ലഭ്യമാക്കാമെന്ന വിചിത്ര മറുപടിയാണ് തന്നിരിക്കുന്നത്. ഖനിപ്രവർത്തിക്കുന്നത് നിയമം അനുശാസിക്കുന്ന രീതിയിൽ തന്നെയാണോ എന്നറിയാനാണെങ്കിൽ ഈ രേഖകൾ പരിശോധിച്ചാൽ മതിയാകും. അതിനാൽ ഈ രേഖകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനാവശ്യമായ നടപടി കൈക്കൊള്ളണം. ഇല്ലെങ്കിൽ അതുവരെ ഖനിപ്രവർത്തനം നിറുത്തിവെക്കണം.

ഇതേവിഷയത്തിൽ 25.9.2020ലെ എന്റെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ പലതിലും രേഖകളുടെ പകർപ്പ് ഉടൻ ലഭ്യമാക്കാമെന്ന് മറുപടി തന്നെങ്കിലും അതൊന്നും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. അതും ഉടൻ ലഭ്യമാക്കാനുള്ള നടപടി കൈക്കൊള്ളണം.

എന്ന്

വിശ്വസ്തതയോടെ

[signature]

തോമസ് അമ്പലവയൽ.

ഇതോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ പകർപ്പുകൾ -

1. 6.12.2021ലെ വിവരാവകാശ അപേക്ഷയുടെയും, 1.01-2022ലെ മറുപടിയുടെയും കോപ്പികൾ.
2. 25.9.2020ലെ വിവരാവകാശ അപേക്ഷയിൽ 13.10.2020ന് കിട്ടിയ മറുപടിയുടെ കോപ്പി.
3. 25.9.2020ലെ മറുപടിയിൽ ലഭ്യമായ പ്രധാന രേഖയുടെ ഒരു പേജിന്റെ കോപ്പി.

തോമസ് അമ്പലവയൽ

സെക്രട്ടറി

# വയനാട് പ്രകൃതി സംരക്ഷണ സമിതി

മീനങ്ങാടി പി.ഒ, പുറക്കാടി - 673591, മൊബൈൽ: 9744659671, 9447640631

തീയതി: 10.01.2022

To

ബഹു: ജില്ലാ കളക്ടർ

വയനാട് - കൽപ്പറ്റ

വിഷയം - ഭൂമിയുടെ സ്വഭാവം പരിശോധിക്കാതെ തോട്ടഭൂമിയിൽ പ്രവർത്തിക്കുന്ന കടച്ചിക്കുന്ന് ക്വാറിക്ക് ലൈസൻസ് നൽകിയ മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് നടപടിയിൽ സത്വര അന്വേഷണം നടത്തണമെന്നും, ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്ന മേൽ ക്വാറിയുടെ പ്രവർത്തനം അടിയന്തിരമായി നിറുത്തി വെപ്പിക്കണമെന്നുമുള്ള അപേക്ഷ.

സാർ,

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ എം.പി. കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കരിങ്കൽ ക്വാറി എല്ലാ നിയമങ്ങളെയും ലംഘിച്ചുകൊണ്ടാണ് ലൈസൻസ് സമ്പാദിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ അതോറിട്ടി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർക്ക് 3.11.2020ന് വിശദമായ പരാതി നൽകിയിട്ടുള്ളതാണ്. എന്നാൽ യാതൊരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല.

2.12.2021ന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്റെ പരാതിയിൽ ഹിയറിംഗ് നടത്തിയപ്പോൾ ക്വാറി സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ആധാരം, അടിയാധാരം തുടങ്ങിയവ ക്വാറി ലൈസൻസിയിൽ നിന്ന് വാങ്ങി പരിശോധിച്ചിട്ടില്ലെന്നും, ഉടമയും ക്വാറി ലൈസൻസിയും തമ്മിലുള്ള സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ലൈസൻസ് അനുവദിച്ചതെന്നും ഹിയറിംഗിൽ പങ്കെടുത്ത മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് അസ്സി: സെക്രട്ടറി ഡി.ഡിയുടെ മുമ്പിൽ സമ്മതിച്ചതിനെ തുടർന്ന് അടുത്ത പ്രവർത്തി ദിവസം തന്നെ ഭൂമിയുടെ രേഖകൾ ലൈസൻസിയിൽ നിന്ന് വാങ്ങി പരിശോധിക്കണമെന്നും, അതിന്റെ കോപ്പി എത്രയും പെട്ടെന്ന് പരാതിക്കാരന് നല്കണമെന്നും ഡി.ഡി, അസ്സി: സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നതുമാണ്.

അതിൻ പ്രകാരം 6.12.2021ന് പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചു. 20.1.2022ന് അതിനുള്ള മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കാൻ ക്വാറി ലൈസൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അതു ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കാം എന്ന വിചിത്ര ~~[illegible]~~ മറുപടിയാണ് ലഭ്യമായത്.

ക്വാറി പ്രവർത്തിക്കുന്നത് നിയമം അനുവദിക്കുന്ന ഭൂമിയിൽ തന്നെയാണോ എന്നുപോലും ഉറപ്പാക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ നടപടിയുണ്ടാകണമെന്നും, അതുറപ്പാകുന്നതുവരെ എത്രയും പെട്ടെന്ന് ക്വാറി പ്രവർത്തനം നിറുത്തിവെപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ
[signature]
തോമസ് അമ്പലവയൽ.

ഇതോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ പകർപ്പുകൾ -

1. 18.9.2020ന് മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ലഭിച്ച മറുപടി രേഖകളിലെ ഒന്നിന്റെ ഒരു പേജിന്റെ പകർപ്പ്.
2. 3.11.2021ന് കളക്ടർക്ക് സമർപ്പിച്ച പരാതിയുടെ കോപ്പി.
3. 6.12.2021ന് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പരാതിയുടെയും, 1.01.2022ന് ലഭ്യമായ മറുപടിയുടെയും കോപ്പികൾ.

തോമസ് അമ്പലവയൽ

സെക്രട്ടറി

# വയനാട് പ്രകൃതി സംരക്ഷണ സമിതി

മീനങ്ങാടി പി.ഒ, പുറക്കാടി - 673591, മൊബൈൽ: 9744659671, 9447640631

തീയതി: 6.12.2021

To: പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
മുപ്പൈനാട് ഗ്രാമ പഞ്ചായത്ത്
വടുവൻചാൽ

2005ലെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ.

സർ,

(1) മുപ്പൈനാട് ഗ്രാമ പഞ്ചായത്തിൽ 9-ാം വാർഡ് മേടയിൽകുന്നിൽ ലൈസൻസ് നൽകിയിട്ടുള്ള ക്വാറി സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ആധാരം, അടിയാധാരം, കൈവശസർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ അനുവദിച്ചുതരണം.

(2) മുപ്പൈനാട് ഗ്രാമ പഞ്ചായത്ത് ക്വാറിക്ക് ലൈസൻസ് അനുവദിക്കുന്നതിന് റോഡ് പരിശോധിക്കുന്നത് സംബന്ധിച്ച സൂചന (1) എം.പി. മുസ്ത ജോസ് എന്നിവരുടെ അപേക്ഷ, (1) 3.7.2019ലെ അപേക്ഷ. (2) ബി.എ - 7539/19 22.7.2019 സെക്രട്ടറിയുടെ കത്ത്. എന്നിവ പ്രകാരം എൽ.എസ്.ജി.ഡി വിഭാഗം അസി: എഞ്ചിനീയറുടെ 20.8.19 BS-9160/19 റിപ്പോർട്ടും, സെക്രട്ടറിയുടെ 20.02.2020ലെ A4-1607/2020(i) നമ്പർ കത്ത്, 20.2.2020ലെ A4-1607/2020(ii) നമ്പർ കത്ത് പ്രകാരം 29/2/20, A4 2289/20 റിപ്പോർട്ടും പ്രകാരം ക്വാറിയിലേക്ക് നിയമാനുസൃതം 7.00മീറ്റർ വീതിയില്ലായെന്ന് വ്യക്തമായി റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. 1.10.2020ന് പ്രസ്തുത റോഡ് മുഴുവൻ വീതി കൂട്ടാത്തതു ക്വാറിക്കാരുടെ പ്രവർത്തനത്തിനെതിരെ വയനാട് പ്രകൃതി സംരക്ഷണ നൽകിയ പരാതി പ്രകാരം പഞ്ചായത്ത് മഹസ്സർ നടത്തിയതുമാണ്.

എന്നാൽ ഈ റോഡിന് സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുള്ള പ്രകാരം 7 മീറ്റർ വീതിയുള്ളതായി അസി: എഞ്ചിനീയർ 2.6.2020ന് പഞ്ചായത്തിന് റിപ്പോർട്ട് നൽകിയിരിക്കുന്നു. ഇതിനാധാരമായ 25.5.2020ലെ BS 7538/2019ലെ കത്തിന്റെ കോപ്പി ലഭ്യമാക്കണം.

(3). ഈ റോഡ് നിയമവിധേയമാക്കാൻ പഞ്ചായത്ത് ഭരണ സമിതിയോ, ഉദ്യോഗസ്ഥരോ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അതി

രേഖ ലഭ്യമാക്കണം.

(4). പാടിവയൽ കടമ്പിക്കുന്ന് - മുക്കം റോഡ് [illegible] പ്രവർത്തനം മൂലം ~~വീട്~~ തകർന്നെന്ന പരാതിയിൽ സ്ഥലപരിശോധന നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും, നാശനഷ്ടം പരിഹരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും 5.10.2020 ലെ ഭരണസമിതി തീരുമാന പ്രകാരം അസി: എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും അനുവദിക്കണം.

രേഖ ലഭ്യമാക്കുന്നതിനാവശ്യമായ ~~രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ~~ ഫീസ് അടക്കാൻ തയ്യാറാണ്.

6/12/2021.

എന്ന്

[signature]